പാടി, ജെ.ആർ.വൈ., വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായ വിതരണം തുടങ്ങിയവ.

(സി) ഇല്ല.

(ഡി) ഗ്രാമ പഞ്ചായത്തുകളിലേക്ക് വിവിധ വകുപ്പുകളിൽ നിന്നും ജീവനക്കാരെ പുനർവിന്യസിപ്പിക്കുന്നതിനെപ്പറ്റി അധികാര വികേന്ദ്രീകരണ കമ്മിറ്റി പഠനം നടത്തിക്കഴിഞ്ഞു. ഈ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് വേണ്ട നടപടികൾ എടുക്കുന്നതാണ്.

49 (1800) സി-ഡിറ്റ് തയ്യാറാക്കിയിട്ടുള്ള സ്ലൈഡ് പ്രോജക്ടിന്റെ പുരോഗതി

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി സി-ഡിറ്റ് തയ്യാറാക്കിയിട്ടുള്ള സ്ലൈഡ് പ്രോജക്ടിനു മാത്രമായി എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട്;

(ബി) സ്ലൈഡ് പ്രോജക്ടിന്റെ ഇതുവരെയുള്ള പുരോഗതിയെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം നൽകുമോ;

(ഡി) ഈ പ്രോജക്ടിന്റെ പുരോഗതിയെപ്പറ്റി ഇതുവരെ വിലയിരുത്താത്തപക്ഷം ഇക്കാര്യത്തിനായി ഒരു വിദഗ്ദ്ധ സമിതിയെ ഏർപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സ്ലൈഡ് പ്രോജക്ടിനു മാത്രമായി ആരെയും നിയമിച്ചിട്ടില്ല.

(ബി) ഉണ്ട്.

(സി) 1998 ഒക്ടോബർ 2-ന് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി, ഫിഷറീസും ഗ്രാമവികസനവും വകുപ്പു മന്ത്രി, വകുപ്പ് സെക്രട്ടറിമാർ, സി.ഡിറ്റ്, എൻ.ഐ.സി. എന്നിവർ ചേർന്ന് ഒരു അവലോകനയോഗം നടത്തി. 1999 ജനുവരി ഒന്നാം തീയതി സംസ്ഥാന പ്ലാനിംഗ് ബോർഡും സ്ലൈഡ് പ്രോജക്ടിന്റെ പ്രവർത്തനം വിലയിരുത്തി. പ്ലാൻ മോണിട്ടറിംഗിന് കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ട് പ്രവർത്തനങ്ങൾ ആവിഷ്കരിക്കണമെന്ന് തീരുമാനിച്ചു.

(ഡി) പ്രസക്തമല്ല.

50 (1801) സി-ഡിറ്റ് സ്ലൈഡ് പ്രോജക്ടിന്റെ പ്രവർത്തന ലക്ഷ്യം

<u>ശ്രീ. വി.ജെ. പൗലോസ്</u> :

<u>ശ്രീ. കെ. ബാബു</u> :

<u>ശ്രീ. എഴുകോൺ നാരായണൻ</u> :

<u>ശ്രീമതി രാധാ രാഘവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly